# ഇന്ത്യാ-പാക് സംഭാഷണം

**പ്രധാനമന്ത്രി** മന്‍മോഹന്‍ സിംഗ് ഈയിടെ സുഊദി പര്യടനത്തിന് പുറപ്പെടും മുമ്പ് മാധ്യമ പ്രവര്‍ത്തകരുമായി നടത്തിയ സംഭാഷണത്തില്‍, പാകിസ്താനുമായി സമഗ്ര ചര്‍ച്ചക്ക് ഇന്ത്യ സന്നദ്ധമാണെന്നും ഇരു രാജ്യങ്ങള്‍ക്കുമിടയിലുള്ള പ്രശ്നങ്ങള്‍ പരിഹരിക്കാന്‍ അതല്ലാതെ മറ്റൊരു മാര്‍ഗമുള്ളതായി താന്‍ കരുതുന്നില്ലെന്നും പറയുകയുണ്ടായി. എല്ലാ പ്രശ്നങ്ങളും ഒരു മേശക്കു ചുറ്റുമിരുന്ന് സംസാരിച്ച് ഭയത്തിന്റെയും വെറുപ്പിന്റെയും അന്തരീക്ഷം സൗഹാര്‍ദത്തിന്റേതും സഹകരണത്തിന്റേതുമാക്കി മാറ്റാനും ഇരു രാജ്യങ്ങളും നല്ല അയല്‍ക്കാരായി വര്‍ത്തിക്കാനും ഇന്ത്യ ആഗ്രഹിക്കുന്നു. എന്നാല്‍ ഇന്ത്യയിലും പാകിസ്താനിലും അഫ്ഗാനിസ്താനിലും നടമാടുന്ന തീവ്രവാദ-ഭീകര പ്രവര്‍ത്തനങ്ങള്‍ കൈയും കെട്ടി നോക്കിയിരിക്കാന്‍ ഇന്ത്യക്കാവില്ല. തീവ്രവാദ ഭീകര പ്രവര്‍ത്തനങ്ങളുടെ വളര്‍ച്ച ഇന്ത്യക്കാപത്താണ്. ഇന്ത്യക്കു മാത്രമല്ല, പാകിസ്താന്റെയും അഫ്ഗാനിസ്താന്റെയും സുരക്ഷക്കും കടുത്ത ഭീഷണിയാണതുയര്‍ത്തുന്നത്. അതിനെതിരെ അതിര്‍ത്തിക്കപ്പുറത്തായാലും ഇപ്പുറത്തായാലും സഹകരിച്ചു പ്രവര്‍ത്തിക്കാന്‍ ഇന്ത്യക്ക് ഒരു മടിയുമില്ല. തീവ്രവാദവും ഭീകര പ്രവര്‍ത്തനവും നിര്‍മാര്‍ജനം ചെയ്യാനുള്ള ഏതു നീക്കത്തെയും ഇന്ത്യ പിന്തുണക്കും.

പ്രധാനമന്ത്രിയുടെ പ്രസ്താവന മൂന്നു ദിവസം പിന്നിട്ടപ്പോള്‍ പാകിസ്താനില്‍നിന്ന് പ്രതികരണമുണ്ടായി. പുതിയ നീക്കത്തെ സ്വാഗതം ചെയ്യുന്നുവെന്നും ഏതു പ്രശ്നവും ഇന്ത്യയുമായി ചര്‍ച്ച ചെയ്യാന്‍ പാകിസ്താന്‍ സദാ സന്നദ്ധമാണെന്നുമായിരുന്നു പാക് വിദേശകാര്യമന്ത്രിയുടെ പ്രസ്താവന. സുഊദി പര്യടനത്തില്‍ മന്‍മോഹന്‍ സിംഗിനെ അനുഗമിച്ച വിദേശാകര്യ സഹമന്ത്രി ശശി തരൂര്‍ രിയാദില്‍ മാധ്യമങ്ങളോട് സംസാരിച്ചതും ഇന്ത്യാ ഗവണ്‍മെന്റിന്റെ സംഭാഷണ സന്നദ്ധതയില്‍ ഊന്നിക്കൊണ്ടായിരുന്നു.

മന്‍മോഹന്‍ സിംഗിന്റെ സുഊദി പര്യടനത്തിന് ഏതാനും നാള്‍ മുമ്പ് നടന്ന ഇന്ത്യാ പാക് വിദേശകാര്യ സെക്രട്ടറി തല ചര്‍ച്ചയുടെ പശ്ചാത്തലത്തില്‍ രണ്ടു രാജ്യങ്ങളിലെയും മന്ത്രിമാര്‍ പ്രകടിപ്പിച്ച ഈ നിലപാടിന് വലിയ പ്രാധാന്യമുണ്ട്. ആ ചര്‍ച്ചയില്‍നിന്ന് പക്ഷേ രചനാത്മകമായ ഫലങ്ങളൊന്നും ഉരുത്തിരിഞ്ഞുവന്നില്ല എന്നു മാത്രമല്ല രണ്ടു കൂട്ടരും തമ്മിലുള്ള അകല്‍ച്ച വര്‍ധിക്കുകയും ചെയ്തുവെന്നാണ് സെക്രട്ടറിമാരുടെ പ്രസ്താനകളില്‍നിന്ന് വ്യക്തമായത്. പാക് സെക്രട്ടറിയുടെ സ്വരം ഏറെ കര്‍ക്കശമായിരുന്നു. എങ്കിലും ഇന്ത്യയുടെ വിദേശകാര്യ മന്ത്രി അവരെ കൂടുതല്‍ ചൊടിപ്പിക്കുന്ന മട്ടില്‍ സംസാരിച്ചില്ല. അന്തരീക്ഷം മയപ്പെടുത്താനാണ് എസ്.എം കൃഷ്ണ ശ്രമിച്ചത്. അന്നും സംഭാഷണ സന്നദ്ധത ആദ്യം മുന്നോട്ടുവെച്ചത് ഇന്ത്യയായിരുന്നു. ആദ്യഘട്ടത്തില്‍ ചര്‍ച്ചക്ക് ഉപാധികള്‍ ഉന്നയിച്ചില്ല എന്നതും ശ്രദ്ധേയമായിരുന്നു. പക്ഷേ, കൂടിക്കാഴ്ചയുടെ തീയതി അടുത്തപ്പോള്‍ അന്തരീക്ഷം കലുഷമാക്കുന്ന പ്രസ്താവനകള്‍ വന്നു തുടങ്ങി. നിരീക്ഷകര്‍ അതിനെ വിലയിരുത്തിയതിങ്ങനെയാണ്: പാകിസ്താനുമായി സംഭാഷണം നടത്താനും നടത്താതിരിക്കാനും പരസ്പര വിരുദ്ധമായ രണ്ടു സമ്മര്‍ദങ്ങള്‍ക്കിടയിലാണ് ഇന്ത്യ. എങ്ങനെയും പാകിസ്താനുമായി രമ്യതയിലെത്തണമെന്ന് ഒരു വിഭാഗം ഇന്ത്യയെ നിര്‍ബന്ധിക്കുന്നു. മറുവിഭാഗത്തിന് ഇന്ത്യാ-പാക് സൗഹൃദം അസഹ്യവുമാണ്. സര്‍ക്കാറിനാവകട്ടെ രണ്ടു സമ്മര്‍ദത്തെയും അവഗണിക്കാന്‍ കഴിയുന്നുമില്ല. സംഭാഷണത്തിനുള്ള സമ്മര്‍ദം അമേരിക്കയില്‍നിന്നും എതിര്‍ സമ്മര്‍ദം ഹിന്ദുത്വ ശക്തികളില്‍നിന്നും എന്നാണ് നിരീക്ഷണം. അമേരിക്കയുടെ ഭീകരതാവിരുദ്ധ യുദ്ധത്തില്‍ ഇന്ത്യയെ പങ്കാളിയാക്കാന്‍ ഇന്ത്യാ-പാക് സൗഹൃദം ആവശ്യമാണ്. ഹിന്ദുത്വ സംഘടനകള്‍ക്കാകട്ടെ, അവര്‍ക്ക് നല്ല രാഷ്ട്രീയ മൈലേജ് നല്‍കുന്ന ഇന്ധനമാണ് പാക് വിരോധവും മുസ്‌ലിം വിരോധവും. അതുകൊണ്ട് പാകിസ്താനുമായി സൗഹാര്‍ദം സ്ഥാപിക്കാനുള്ള ഏതു ശ്രമത്തെയും അവര്‍ രാജ്യസ്നേഹത്തിനും ദേശാഭിമാനത്തിനും വിരുദ്ധമായ നടപടിയായി ചിത്രീകരി

ക്കുന്നു.

ഇന്ത്യാ–പാക് സംഭാഷണത്തിന് സന്നദ്ധമാകുന്നതിന്റെയും വിസമ്മതിക്കുന്നതിന്റെയും അടിസ്ഥാന പ്രചോദകം രാജ്യസ്നേഹമോ ദേശാഭിമാനമോ അല്ല; മറിച്ച്, കക്ഷിരാഷ്ട്രീയത്തിന്റെ അധികാര താൽപര്യങ്ങളാണ് എന്നത്രെ ഇത് സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ അഭിമാനം കണ്ഡഹാറിൽ കൊണ്ടുപോയി പണയം വെച്ചവരാണ് സൗഹാർദപരമായ സംഭാഷണത്തിലൂടെയും ഉദാരമായ സമീപനങ്ങളിലുടെയും പാകിസ്താനുമായി ബന്ധം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നത് ദേശാഭിമാനത്തെ ക്ഷതപ്പെടുത്തുമെന്ന് വാദിക്കുന്നത്. പ്രധാനമന്ത്രിയുടെയും വിദേശകാര്യമന്ത്രിയുടെയും പ്രസ്താവനകൾക്ക് ശേഷം ആഴ്ചകൾ പിന്നിട്ടു. എടുത്തു പറയാവുന്ന തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. എങ്കിലും അവർ സംസാരിച്ചത് വൻശക്തിയുടെ ഇംഗിതത്തിനും കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾക്കും അപ്പുറം രാജ്യത്തിന്റെ വിശാല താൽപര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണെന്ന് നമുക്ക് പ്രതീക്ഷിക്കുക.

ഇന്ത്യാ പാക് തർക്കങ്ങൾ പരിഹരിക്കാൻ തുറന്ന ചർച്ചയാണ് ഏക പോംവഴി എന്ന പ്രധാനമന്ത്രിയുടെ നിലപാട് ആത്മാർഥമാണെങ്കിൽ അത് നടക്കാൻ ആവശ്യമായ വിട്ടുവീഴ്ചകൾക്ക് നാം തയാറാകണം. ഒരു മൂന്നാം കക്ഷിയുടെ മാധ്യസ്ഥം ഉപകരിക്കുമെങ്കിൽ അതും സ്വീകരിക്കണം. സുഊദിയിലെ രിയാദിൽ മന്ത്രി ശശിതരൂർ ഇന്ത്യാ പാക് സംഭാഷണത്തിന് സുഊദിയുടെ മാധ്യസ്ഥ്യം സ്വാഗതം ചെയ്തുകൊണ്ട് നടത്തിയ പ്രസ്താവന ഇന്ത്യയിൽ വലിയ വിവാദമായിരുന്നു. അതേത്തുടർന്ന് വന്ന മന്ത്രിയുടെ വിശദീകരണ പ്രസ്താവനയും ഒരു മാധ്യസ്ഥത്തിന്റെ പ്രയോജനത്തെ നിഷേധിച്ചിട്ടില്ല. രാജ്യത്തിന്റെ സുരക്ഷയും സമാധാനവുമാണ് പ്രധാനം. അതിന് അയൽരാജ്യങ്ങളുമായി ആരോഗ്യകരമായ ബന്ധങ്ങളുണ്ടായേ പറ്റൂ. അത് സാധിക്കാൻ ഒരു മൂന്നാം കക്ഷിയുടെ സഹായം ആവശ്യമാണെങ്കിൽ എന്തിനത് ഇത്രയേറെ എതിർക്കപ്പെടണം? കഴിഞ്ഞ ആറു പതിറ്റാണ്ടിലേറെക്കാലമായില്ലേ നാം ഒറ്റക്ക് ഈ പ്രശ്നവുമായി കെട്ടിമറിയുന്നു? ഇന്ത്യക്കും പാകിസ്താനും ചെയ്യാവുന്ന ഏറ്റം ഉന്നതമായ രാജ്യസ്നേഹ നടപടി ഇരു കൂട്ടരും സംഘട്ടനത്തിന്റെ പാത വെടിഞ്ഞ് സമാധാനപരമായ ഉഭയകക്ഷി ബന്ധം കെട്ടിപ്പടുക്കുകയാണെന്ന് ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി (*ദ ഹിന്ദു* 2.2.2010). വിവേകത്തിന്റെ ഈ ശബ്ദം ബന്ധപ്പെട്ടവർ കേൾക്കാൻ സന്നദ്ധരാകുമോ? ■